# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:** പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ ടെസ്റ്റ് യോഗ്യത നേടാത്ത ക്ലാർക്കുമാർക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

**പരാമർശം:** സർക്കാരിന്റെ 28.09.2013–ലെ 47146/ഇപിഎ1/2013/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ് നമ്പർ: ഇ4–04/2014(2) തീയതി: 15.02.2014

പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് അനുപാതം 1:1 ആയി പുനർ നിർണ്ണയിച്ചതിനെ തുടർന്നും പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ 1922 ഒഴിവുകൾ സംജാതമായിരുന്നു. പ്രസ്തുത ഒഴിവുകളിലേയ്ക്ക് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും സ്ഥാനക്കയറ്റം അനുവദിച്ചതിനുശേഷവും നികത്താൻ ശേഷിച്ച ഒഴിവുകളിൽ വകുപ്പുതല പരീക്ഷ പാസ്സായി ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. മേൽ തസ്തികകൾ നികത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ നിശ്ചിത യോഗ്യത നേടിയവരുടെ അഭാവത്തിൽ ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താൽകാലികമായി സ്ഥാനക്കയറ്റം ലഭിച്ചവരെ തരംതാഴ്ത്തുന്നതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഒരു Stop gap arrangement മാത്രം എന്ന നിലയിൽ KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം ടെസ്റ്റ് യോഗ്യയില്ലാത്ത ക്ലാർക്കുമാരെ സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ താല്ക്കാലിക സ്ഥാനക്കയറ്റം അനുവദിയ്ക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം സർക്കാർ അറിയിക്കുകയുണ്ടായി. മേൽ ചട്ടപ്രകാരം താല്ക്കാലിക സ്ഥാനക്കയറ്റം നൽകുമ്പോൾ പ്രൊബേഷൻ പൂർത്തീകരിക്കാത്ത ഉദ്യോഗസ്ഥരെ ഒഴിവാക്കാൻ വ്യവസ്ഥയില്ലെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

മേൽ നിർദ്ദേശാനുസരണം KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം ചുവടെ കോളം I–ൽപരാമർശിച്ചിട്ടുള്ള ടെസ്റ്റ് യോഗ്യതയില്ലാത്ത ക്ലാർക്കുമാരെ കോളം II–ൽ പരാമർശിച്ചിട്ടുള്ള ജില്ലകളിലേയ്ക്ക് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി താല്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| Sl.No. | Senority No. | Column No. I | Column No. II |
|---|---|---|---|
| 1 | 1396 as on 1990 | Sherly Sabu<br>Thiruvarpu Grama Panchayat<br>Kottayam | Ernakulam |
| 2 | 1937 as on 1990 | Narayanan. P<br>Edavaka Grama Panchayat<br>Wayanad | Wayanad |
| 3 | 1960 as on 1990 | Shanavas. A<br>Kuttichal Grama Panchayat<br>Thiruvananthapuram | Thiruvananthapuram |
| 4 | 2130 as on 1990 | Molykutty Alexander<br>Vallapuzha Grama Panchayat<br>Palakkad | Thiruvananthapuram |
| 5 | 292/1990-94 | Chandri. M<br>Chokli Grama Panchayat<br>Kannur | Kannur |
| 6 | 410/1990-94 | Peethambaran. K. K<br>Peerumedu Grama Panchayat<br>Idukki | Idukki |
| 7 | 527/1990-94 | Sasikumar. C. K<br>Perigottukurissy Grama Panchayat<br>Palakkad | Palakkad |
| 8 | 529/1990-94 | Prasannan. P<br>Vilappil Grama Panchayat<br>Thiruvananthapuram | Thiruvananthapuram |
| 9 | 742/1990-94 | Ayyappan kutty. K. P<br>Kadambazhippuram Grama Panchayat<br>Palakkad | Palakkad |
| 10 | 773/1990-94 | Unnikrishnan. K<br>Thalakkad Grama Panchayat<br>Malappuram | Malappuram |
| 11 | 191/1994-97 | Vasanthakumari. T<br>Panangad Grama Panchayat<br>Kozhikode | Kozhikode |

| | | | |
|---|---|---|---|
| 12 | 703/1994-97 | Laisamma. P. C<br>Kaduthuruthy Grama Panchayat<br>Kottayam | Ernakulam |
| 13 | 708 A/1994-97 | Sreekala. P<br>Pilicode Grama Panchayat<br>Kasaragod | Kasaragod |
| 14 | 3/1997-99 | Rajagopal. R<br>Ajanoor Grama Panchayat<br>Kasaragod | Kasaragod |
| 15 | 217/1997-99 | Manu. A. S<br>Pattazhi Vadakkekara Grama Panchayat<br>Kollam | Alappuzha |
| 16 | 278/1997-99 | Sreekumar. V. M<br>Kadapra Grama Panchayat<br>Pathanamthitta | Pathanamthitta |
| 17 | 350/1997-99 | Aliyamma Joseph<br>Vazhathope Grama Panchayat<br>Idukki | Idukki |
| 18 | 398/1997-99 | Lalji. M<br>Aroor Grama Panchayat<br>Alappuzha | Alappuzha |
| 19 | 485/1997-99 | Geethamma. P. N<br>Pallikkunnu Grama Panchayat<br>Kannur | Kannur |
| 20 | 920/1997-99 | Jayanthi. R<br>Mogral Puthur Grama Panchayat<br>Kasaragod | Kasaragod |
| 21 | 1249/1997-99 | Ramani. C. B<br>Vazhathoppu Grama Panchayat<br>Idukki | Idukki |
| 22 | 1252/1997-99 | Johny. P. J<br>Vandiperiyar Grama Panchayat<br>Idukki | Ernakulam |

| | | | |
|---|---|---|---|
| 23 | 1262/1997-99 | Sounder Raj. M<br>Munnar Grama Panchayat<br>Idukki | Ernakulam |
| 24 | 1264/1997-99 | Palani. S<br>Edamalakkudy Grama Panchayat<br>Idukki | Ernakulam |
| 25 | 1262/1997-99 | Ravisankar. T. V<br>Dharmadam Grama Panchayat<br>Kannur | Kannur |
| 26 | 1479/1997-99 | Radha. P. V<br>Chittariparamba Grama Panchayat<br>Kannur | Kannur |
| 27 | 1496/1997-99 | Shibu Thomas<br>Puthur Grama Panchayat<br>Thrissur | Thrissur |
| 28 | 152/2000-02 | Ravikumar. R<br>Vandenmedu Grama Panchayat<br>Idukki | Ernakulam |
| 29 | 401/2000-02 | Abdul Rasheed. K.V<br>Thenkara Grama Panchayat<br>Palakkad | Palakkad |
| 30 | 570/2000-02 | Manikantan. M. K<br>Cheruvathoor Grama Panchayat<br>Kasaragod | Kasaragod |
| 31 | 923 A/2000-02 | Latha. G. Panickar<br>Nedumbram Grama Panchayat<br>Pathanamthitta | Pathanamthitta |
| 32 | 1050/2000-02 | Aboobacker Kuthiraparambil<br>Vadakkekad Grama Panchayat<br>Thrissur | Palakkad |
| 33 | 1148/2000-02 | Govindan. P<br>Ulikkal Grama Panchayat<br>Kannur | Kannur |

| | | | |
|---|---|---|---|
| 34 | 1270/2000-02 | Bijulal. V. R<br>Adichanalloor Grama Panchayat<br>Kollam | Alappuzha |
| 35 | 1345/2000-02 | Ramdas<br>Devikulam Grama Panchayat<br>Idukki | Ernakulam |
| 36 | 1426/2000-02 | Prasannakumar. G<br>Kallara Grama Panchayat<br>Thiruvananthapuram | Thiruvananthapuram |
| 37 | 1489/2000-02 | Gigimol. P. S<br>Vathikudy Grama Panchayat<br>Idukki | Ernakulam |
| 38 | 1505/2000-02 | Renjith. S. K<br>Kallara Grama Panchayat<br>Thiruvananthapuram | Thiruvananthapuram |
| 39 | 1510/2000-02 | Pyarilal. T. G<br>Chokkad Grama Panchayat<br>Malappuram | Malappuram |
| 40 | 1617/2000-02 | Sreeja Sasi<br>Kalluvathukkal Grama Panchayat<br>Kollam | Alappuzha |
| 41 | 280/2003-08 | Renjith. P. R<br>Pookkottukavu Grama Panchayat<br>Palakkad | Palakkad |
| 42 | 283/2003-08 | Jayalekshmi. A. R<br>Pirayiri Grama Panchayat<br>Palakkad | Palakkad |
| 43 | 693/2003-08 | Jayaraj. P<br>District Panchayat<br>Kasaragod | Kasaragod |
| 44 | 699/2003-08 | Adarsh<br>Vellamunda Grama Panchayat<br>Wayanad | Wayanad |

| | | | |
|---|---|---|---|
| 45 | 1331/2003-08 | Harison. H<br>Kulakkada Grama Panchayat<br>Kollam | Alappuzha |
| 46 | 1364/2003-08 | Rangan. M<br>Sholayur Grama Panchayat<br>Palakkad | Palakkad |
| 47 | 1469/2003-08 | Abdul Salim. A<br>Angadipuram Grama Panchayat<br>Malappuram | Malappuram |
| 48 | 1496/2003-08 | Muraleedharan. G<br>Sooranad South Grama Panchayat<br>Kollam | Palakkad |
| 49 | 1567/2003-08 | Shaji. V<br>Kariyad Grama Panchayat<br>Kannur | Kannur |
| 50 | 1674/2003-08 | Abdul Nasar. T. M<br>Edayur Grama Panchayat<br>Malappuram | Malappuram |
| 51 | 1841/2003-08 | Suja. L<br>East Kallada Grama Panchayat<br>Kollam | Alappuzha |
| 52 | 2176/2003-08 | Geethadevi. N. P<br>Kaduthuruthy Grama Panchayat<br>Kottayam | Ernakulam |
| 53 | 2179/2003-08 | Renjith. V. S<br>Peerumedu Grama Panchayat<br>Idukki | Malappuram |
| 54 | 2289/2003-08 | Gopalakrishnan Nair. R<br>Karunapuram Grama Panchayat<br>Idukki | Palakkad |
| 55 | 2390/2003-08 | Sadanandan. P. V<br>Neendoor Grama Panchayat<br>Kottayam | Malappuram |

| | | | |
|---|---|---|---|
| 56 | 2403/2003-08 | Suseela. P. K<br>Kaduthuruthy Grama Panchayat<br>Kottayam | Ernakulam |
| 57 | 2440/2003-08 | Unnikrishnan. P. A<br>Valappad Grama Panchayat<br>Thrissur | Thrissur |
| 58 | 2511/2003-08 | Abdul Latheef<br>Moopainad Grama Panchayat<br>Wayanad | Wayanad |
| 59 | 2525/2003-08 | Jayaprakash. M<br>Muzhappilangad Grama Panchayat<br>Kannur | Kannur |
| 60 | 2589/2003-08 | Sreekumar. M<br>Uzhavoor Grama Panchayat<br>Kottayam | Malappuram |
| 61 | 2592/2003-08 | Smitha Thomas<br>Manjoor Grama Panchayat<br>Kottayam | Ernakulam |
| 62 | 2765/2003-08 | Sreenath. K. S<br>Chirakadavu Grama Panchayat<br>Kottayam | Malappuram |
| 63 | 2800/2003-08 | Vijesh. K. S<br>Kodikulam Grama Panchayat<br>Idukki | Palakkad |
| 64 | 3054/2003-08 | Prasanth. P<br>Ponmundam Grama Panchayat<br>Malappuram | Malappuram |
| 65 | 3103/2003-08 | Ananthakrishnan<br>Thalavady Grama Panchayat<br>Alappuzha | Palakkad |
| 66 | 3340/2003-08 | Sreejith<br>Noolpuzha Grama Panchayat<br>Wayanad | Wayanad |

താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ജില്ലകളിൽ നിലവിലുള്ള ഒഴിവുകളിലേക്കാണ് അലോട്ട്മെന്റ് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ലഭിച്ചിട്ടുള്ള നിയമനം 2014–ലെ പൊതുസ്ഥലംമാറ്റത്തിന് വിധേയമായി പുന:പരിശോധിക്കുന്നതാണ്.

പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാടിസ്ഥാനത്തിലും സീനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലുമാകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏത് ജില്ലയിൽ നിന്നാണോ ലഭ്യമാകുന്നത് പ്രസ്തുത ജില്ലയിൽ നിന്നും ഒഴിവില്ലാത്ത സാഹചര്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ സീനിയർ ക്ലാർക്കുമാരെ തരംതാഴ്ത്തുകയും ചെയ്യുന്നതാണ്. ഇപ്രകാരം താല്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ, ഭാവിയിൽ ടെസ്റ്റ് യോഗ്യത നേടി പ്രൊബേഷൻ പൂർത്തീകരിച്ച് പ്രസ്തുത വിവരം ഉചിതമാർഗ്ഗേണ അറിയിക്കുന്ന പക്ഷം അവർക്ക് ലഭിച്ച താല്കാലിക സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ലഭിക്കാൻ അർഹതയുള്ളതായിരിക്കും.

ഗ്രാമപഞ്ചായത്തുകളിൽ സീനിയർ ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും എന്ന നിലയിലാണ് ടെസ്റ്റ് യോഗ്യത നേടാത്ത ജീവനക്കാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ആകയാൽ ഗ്രാമ പഞ്ചായത്തുകൾ ഒഴികെ വകുപ്പിലെ മറ്റു ജില്ലാതല കാര്യാലയങ്ങളിലും ആസ്ഥാന കാര്യാലയത്തിലും ക്ലാർക്ക്–സീനിയർ ക്ലാർക്ക് തസ്തികകളിലെ ജോലിയുടെ സ്വഭാവം സമാനമാകയാൽ ടി ആഫീസുകളിലെ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റത്തിനോ നിയമനത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല.

ടി ഉത്തരവിലൂടെ താല്കാലിക സ്ഥാനക്കയറ്റം നേടിയ ജീവനക്കാർ, അവർക്ക് ലഭിച്ച ഉദ്യോഗക്കയറ്റം പരിത്യജിക്കുകയാണെങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അവർ ഉദ്യോഗക്കയറ്റം പരിത്യജിക്കുവാൻ അർഹരാണോ എന്ന വിവരം വ്യക്തമായ ശുപാർശയും സേവനപുസ്തകവും സഹിതം യഥാസമയം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ക്ലാർക്ക് തസ്തികയിലെ യഥാർത്ഥ ഒഴിവ് വിവരം കണക്കാക്കി നിയമനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ.

ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011–ലെ ജി.ഒ.(പി)85/2011/ഫിൻ. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്യും പ്രകാരം ശമ്പളനിർണ്ണയത്തിനുള്ള ഓപ്ഷൻ ഉദ്യോഗക്കയറ്റം സ്വീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട സ്ഥാപനമേധാവി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

ജില്ലകളിലേയ്ക്ക് അലോട്ട്ചെയ്ത സീനിയർ ക്ലാർക്ക്മാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്. സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് താല്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതും ടിയാളുകൾ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ ആഫീസിലും ബന്ധപ്പെട്ട മറ്റ് ആഫീസുകളിലും യഥാസമയം അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ (www.lsgkerala.gov.in) നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(ഒപ്പ്)
**മിത്ര. റ്റി. ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ് (ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടറുടെ സി.എയ്ക്ക്
ജോയിന്റ് ഡയറക്ടർ(ഭരണം)(സി.എ.യ്ക്ക്)
കരുതൽ/അധികം

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**

സി.എൻ.17.2.14.